**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4384** **18-03-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിലെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളും അവയുടെ ഭൗതിക നേട്ടങ്ങളും വിശദമാക്കാമോ? | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം, പ്രസരണ വിഭാഗത്തിന് കീഴിൽ അരുവിക്കര മണ്ഡലത്തിലെ 110 KV സബ്സ്റ്റേഷന്റെ ഒരു 10MVA 110/11 KV ട്രാൻസ്ഫോർമർ മാറ്റി 12.5 MVA 110/44KV ആക്കി ശേഷി വർധിപ്പിച്ചു. പ്രസ്തുത ട്രാൻസ്ഫോർമർ 08.11.2024-നു ചാർജ് ചെയ്തു. ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 261 ലക്ഷം രൂപ ചെലവായി. അരുവിക്കര സബ്സ്റ്റേഷന്റെ ശേഷി വർധിപ്പിച്ചതിലൂടെ അരുവിക്കര മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി തടസ്സരഹിതമായി നൽകുവാൻ സാധിക്കുന്നു.<br><br>അരുവിക്കര മണ്ഡലത്തിൽ സൗര ഫേസ് 1 സ്കീമിൽ ഉൾപ്പെടുത്തി 3 kW ന്റെ ഒരു സോളാർ പ്ലാന്റ് വിതുര കെ.എസ്.ഇ.ബി.എൽ. സബ്സ്റ്റേഷനിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിട്ടി കെ.എസ്.ഇ.ബി.എൽ.-ന് സമർപ്പിച്ച അപേക്ഷ അനുസരിച്ച് അരുവിക്കര നിയോജക മണ്ഡലത്തിൽ, 72 MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ റൂഫ് ടോപ്പിൽ 50 KWP സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികളും പുരോഗമിച്ചു വരുന്നു.<br><br>ഇതിനുപുറമെ അരുവിക്കര നിയോജക മണ്ഡലത്തിൽ 1,95,230 രൂപ ചെലവഴിച്ച് ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>വൈദ്യുതി വിതരണ മേഖല ആധുനികവത്കരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പു വരുത്തുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി കൊണ്ടിരിക്കുന്ന |

പദ്ധതികൾ ദ്യുതി 2.0 ഉം Revamped Distribution Sector Scheme (RDSS) ഉം ആണ്. ഇത് കൂടാതെ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തു വിതരണ ശൃംഖലയുടെ വികസനത്തിനായി ആരംഭിച്ച ദ്യുതി 1 ൽ ഉൾപ്പെട്ട പ്രവൃത്തികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ഭൂഗർഭ കേബിളുകൾ, ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ, മറ്റു കവചിത ചാലകങ്ങൾ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ RDSS, ദ്യുതി 2.0 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വിവിധ സെക്ഷനുകളിലായി നാളിതുവരെ ദ്യുതി പദ്ധതിയിൽ ഹൈ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, ലോ ടെൻഷൻ ലൈനുകൾ സ്ഥാപിക്കൽ, പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ലൈനുകളുടെ സ്ഥാപിതശേഷി ഉയർത്തൽ, പഴകിയ കണ്ടക്ടറുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, ലൈനുകൾക്കിടയിൽ സ്പെയ്സറുകൾ ഇടുന്ന പ്രവൃത്തി, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, ഫോൾട്ട് പാസ് ഡിക്റ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ നവീകരണ പ്രവൃത്തികൾ, വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികൾ എന്നിവയിലായി ദ്യുതി 1.0 പദ്ധതിയിൽ ആകെ 239 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. അതിലേയ്ക്കായി 2082.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ദ്യുതി 2.0 പദ്ധതിയിൽ 217 പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. അതിലേയ്ക്കായി 3673.35 ലക്ഷം രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ 1849.28 ലക്ഷം രൂപയുടെ 12 പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.

വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെയും അപകട രഹിതമായും ഉപഭോക്താക്കൾക്ക് എത്തിക്കുന്നത് ഉറപ്പുവരുത്തുവാനും ഇതുവഴി കഴിഞ്ഞു. വൈദ്യുതി തടസ്സത്തിന്റെ സമയ ദൈർഘ്യം കുറയ്ക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കി "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വിതരണ ലൈനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം വഴി തകരാറു സംഭവിച്ച സ്ഥലം പെട്ടെന്ന് തിരിച്ചറിയുകയും

| | | | |
|---|---|---|---|
| | | | പരിഹാരം പെട്ടെന്ന് സാധ്യമാവുകയും ചെയ്യുന്നു. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും, വൈദ്യുതി തടസങ്ങൾ കുറയ്ക്കുന്നതിനും, സുരക്ഷിതവും സുസ്ഥിരവുമായ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിക്കുകയും, ഇതിന്റെ ഭാഗമായി 2021-22 മുതൽ 2024-25 കാലയളവിലായി 13.25 ലക്ഷം സ്പേസറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**<u>അനെർട്ട്</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>• ഗാർഹിക മേഖലയിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന (സൗര തേജ്ജസ്) പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ ആകെ 6 kW ശേഷിയുള്ള (2 എണ്ണം) സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.<br>• സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ ആകെ 48 kW ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ (2 എണ്ണം) സ്ഥാപിച്ചു. |

സെക്ഷൻ ഓഫീസർ